# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1103** — **28/4/2017** -ലെ മറുപടി

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി

### ചോദ്യം

ശ്രീ. റ്റി.വി.രാജേഷ്

കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളമെത്തിക്കുന്നതിന് നബാർഡിന്റെ ആർ.ഐ.ഡി.എഫ് സ്കീമിലും പ്ലാൻ ഫണ്ടിലും ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശം നൽകുമോ; ഇവയുടെ പ്രവൃത്തി എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയും?

### മറുപടി

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവത്തിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള (ബാലൻസ് വർക്ക്-ഫേസ് 1) കുടിവെള്ള പദ്ധതിക്ക് നബാർഡ് ആർ.ഐ.ഡി.എഫ്-22-ൽ ഉൾപ്പെടുത്തി 16/11/2016-ൽ 1495 ലക്ഷം രൂപ അടങ്കൽ തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. 2017 ജൂലൈ മാസത്തോടെ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്ന 2 മുനിസിപ്പാലിറ്റിയിലും 11 പഞ്ചായത്തുകളിലുമായി 488.55 കി.മീ. വിതരണശൃംഖല സ്ഥാപിക്കുന്നതിനായി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 21/3/2017-ൽ 52.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. ഇതിന്റെ പൂർത്തീകരണ കാലയളവ് **10** മാസമായാണ് നൽകിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ